# കണ്ണൂർ സർവ്വകലാശാല

## (പരീക്ഷവിഭാഗം)

www.kannuruniversity.ac.in

No. EG I.2/PR/2025 കെ. യു എച്ച്ക്യൂ., തീയതി 08.06.2026

**പ്രസിദ്ധീകരണത്തിന്**

**പ്രൈവറ്റ് രെജിസ്ട്രേഷൻ മൂന്നാം സെമസ്റ്റർ ബി സി എ പരീക്ഷകൾ**

പ്രൈവറ്റ് രെജിസ്ട്രേഷൻ മൂന്നാം സെമസ്റ്റർ ബി സി എ (2024 അഡ്മിഷൻ -എഫ് വൈ യു ജി പി പാറ്റേൺ) പ്രോഗ്രാമിന്റെ, മുമ്പ് നടത്താതെ മാറ്റി വെച്ച മൂന്ന് പേപ്പറുകളുടെ പരീക്ഷ ജൂൺ 10, 12, 15തീയതികളിലായി തോട്ടട ശ്രീ നാരായണ ഗുരു കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസിൽ വെച്ച് നടത്താൻ നിശ്ചയിച്ചിട്ടുണ്ട് .പ്രസ്തുത പരീക്ഷാ രെജിസ്ട്രേഷൻ നടത്തിയ വിദ്യാർഥികൾ ഹാൾ ടിക്കറ്റ് ഡൌൺലോഡ് ചെയ്യേണ്ടതാണ്

**ടൈം ടേബിൾ**

അഫിലിയേറ്റഡ് കോളേജുകളിലെയും സെന്ററുകളിലെയും രണ്ടാം സെമസ്റ്റർ എം ബി എ (ഏപ്രിൽ 2026 ) , എം സി എ (മെയ് 2026) പരീക്ഷകളുടെ ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു

**മേഴ്സി ചാൻസ് പരീക്ഷ**

2014 മുതൽ 2018 വരെ വർഷങ്ങളിൽ അഫിലിയേറ്റഡ് കോളേജുകളിൽ ബിരുദ പ്രോഗ്രാമിന് പ്രവേശനം നേടി വിജയകരമായി പ്രോഗ്രാം പൂർത്തിയാക്കാൻ സാധിക്കാതിരുന്ന വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള രണ്ട് , നാല് , ആറ് സെമസ്റ്റർ ബിരുദ മേഴ്സി ചാൻസ് പരീക്ഷകൾക്ക് 15.06.2026 മുതൽ 30.06.2026 വരെ പിഴയില്ലാതെയും 02.07.2026 വരെ പിഴയോടു കൂടിയും രെജിസ്റ്റർ ചെയ്യാവുന്നതാണ് . മേഴ്സി ചാൻസ് പരീക്ഷകൾക്ക് അപേക്ഷിക്കുന്ന വിദ്യാർഥികൾ അപേക്ഷയോടൊപ്പം റീ രെജിസ്ട്രേഷൻ നടത്തുന്നതിനുള്ള നിശ്ചിത മാതൃകയിലുള്ള അപേക്ഷ , ഫീസ് അടച്ചരസീത് സഹിതംസമർപ്പിക്കേണ്ടതാണ് .പരീക്ഷാ വിജ്ഞാപനം സർവകലാശാല വെബ് സൈറ്റിൽ ലഭ്യമാണ്

ഒപ്പ്/-

അസിസ്റ്റന്റ് രജിസ്ട്രാർ I

(പരീക്ഷാ വിഭാഗം)